# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3645** **15.12.2014-ൽ മറുപടിക്ക്**

## പൊതുമേഖല-സ്വയംഭരണ സ്ഥാപനങ്ങളിലെ പരസ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)** | **ബഹു. മുഖ്യമന്ത്രി** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമേഖല-സ്വയംഭരണ സ്ഥാപനങ്ങൾ എത്ര രൂപയുടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട്; | എ) & ബി) സർക്കാരിന്റെ വിവിധ പൊതുമേഖല-സ്വയംഭരണ സ്ഥാപനങ്ങൾ, പരസ്യം പ്രസിദ്ധീകരിക്കുമ്പോൾ ചെലവാകുന്ന തുക ടി സ്ഥാപനങ്ങൾ തന്നെ വഹിക്കുന്നതാണെന്ന് ഉറപ്പ് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പത്രങ്ങൾക്ക് പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും റിലീസ് ഓർഡർ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ പത്രങ്ങളിൽ ടി പരസ്യങ്ങൾ പ്രസിദ്ധീകരിക്കുകയുമാണ് ചെയ്തു വരുന്നത്. പരസ്യം പ്രസിദ്ധീകരിച്ചതിനു ശേഷം വിവിധ പത്ര സ്ഥാപനങ്ങൾ ബില്ലുകൾ നേരിട്ട് പൊതുമേഖല-സ്വയംഭരണ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുക്കുകയും ചെലവായ തുക ടി സ്ഥാപനങ്ങൾ പത്ര മാധ്യമങ്ങൾക്ക് അനുവദിച്ചു കൊടുക്കുകയുമാണ് ചെയ്തു വരുന്നത്. അതിനാൽ വകുപ്പിൽ ടി സ്ഥാപനങ്ങൾക്ക് പരസ്യ ഇനത്തിൽ ചെലവായ തുകയുടെ ക്രോഡീകരിച്ച കണക്ക് ലഭ്യമല്ല. |
| ബി) ഏതൊക്കെ പത്രങ്ങൾക്ക് എത്ര രൂപ വീതം ഈ ഇനത്തിൽ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**

ടെ